പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *233 — 18/06/2018 ൽ മറുപടിക്ക്

# റീ സർവ്വേ നടപടികൾക്ക് സ്വതന്ത്ര ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മൻ<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) റീസർവെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനായി സഉ(എംഎസ്)നം.181/18/റവ തീയതി 10/05/2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവെ നിയമം ഭേദഗതി ചെയ്യുക, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സർക്കാർ സംവിധാനത്തിന് കഴിയാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവെ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവെ, പട്ടയവിതരണത്തിനാവശ്യമായ സർവെ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ട സർവെ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സർവെ, തുടങ്ങിയ സർവെ പ്രവർത്തനങ്ങൾക്ക് റീസർവെയിൽ നിന്നാണ് |

ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്ക് വേണ്ടി റീസർവെ നിറുത്തിവച്ച് ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവും റീസർവെ നടപടികൾ സമയബന്ധിതമായി പൂർത്തായാക്കുന്നതിന് സാധിക്കാത്തതിന് കാരണമായിട്ടുണ്ട്.

(സി) സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ രൂപീകരിച്ച ഭൂമി കേരളം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(സി) ഭൂമി കേരളം പദ്ധതിയുടെ ഭാഗമായി നിലവിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ച് വരുന്നു.

- വനാവകാശ സർവെയുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സർവെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- സംസ്ഥാന വ്യാപകമായി എല്ലാ ജില്ലയിലും ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾക്കാവശ്യമായ ഗ്രൗണ്ട് കൺട്രോൾ നെറ്റ് വർക്ക് (GCN) പോയിന്റുകൾ സ്ഥാപിച്ച് വരുന്നു.
- മുൻകാല സർവെ റെക്കോർഡുകളുടെ ഭൗതികമായ സംരക്ഷണം നടത്തുകയും ഡിജിറ്റൈസ് ചെയ് ത് ഇമേജുകളാക്കി erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തിരം പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- സർവെ റിക്കാർഡുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ആധുനിക സംവിധാനത്തോടെയുള്ള മോഡേൺ റിക്കാർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- സംസ്ഥാനത്ത് പാലക്കാട് ജില്ല ഒഴികെ എല്ലാ ജില്ലകളിലുമുള്ള ഡിജിറ്റൈസ് സെന്ററുകൾ, തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ ഡിജിറ്റൈസ് സെന്റർ എന്നിവ മുഖാന്തിരം മാപ്പുകൾ ഡിജിറ്റൈസ് ചെയ്തു വരുന്നു.
- വെബ് GIS മുഖാന്തിരം ലാൻഡ് റിക്കാർഡുകൾ ഏകജാലക സംവിധാനത്തിലൂടെ

പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

- ഡിജിറ്റൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി വാങ്ങിയിട്ടുള്ള ബാക്കപ്പ് സെർവറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു
- ആധുനിക സർവെ ഉപകരണങ്ങളായ ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ETS), ഡിഫ്രൻഷ്യൽ ഗ്ലോബൽ പൊസിഷനിങ് സിസ്റ്റംസ് (DGPS) എന്നിവയുടെ പരിപാലനം നടത്തി വരുന്നു.
- വിവിധ സ്ഥാപങ്ങൾക്കാവശ്യമായ ഡീറ്റൈൽ സർവ്വെ പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നിർവ്വഹിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ